**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3441** **08-10-2025 - ൽ മറുപടിയ്ക്ക്**

**എൽ. പി. എസ്. റ്റി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എൽ.പി.എസ്.റ്റി. നിയമനവുമായി ബന്ധപ്പെട്ട സ്കൂൾ ഏകീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്. |
| (ബി) | റാങ്ക് ലിസ്റ്റ് ഇറങ്ങി നാലുമാസം പിന്നിട്ടിട്ടും നിലവിലെ എൽ.പി.എസ്.റ്റി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് വേണ്ടത്ര നിയമനം ലഭിക്കാത്ത സാഹചര്യമാണുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2025-26 വർഷത്തെ തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കിയുള്ള സാധ്യമായ എല്ലാ ഒഴിവുകളും പി.എസ്സ്.സി.ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | കാറ്റഗറി നമ്പർ 709/2023 എൽ.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് 14 ജില്ലകളിലും നിലവിൽ വന്നിട്ട് മൂന്നുമാസം കഴിഞ്ഞിട്ടും നാളിതുവരെയും ആർക്കും അഡ്വൈസ് പോയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻകാലങ്ങളെ അപേക്ഷിച്ച് നിയമനങ്ങളിൽ ഇത്രത്തോളം കുറവ് വരുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | 2025-26 വർഷത്തെ തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കിയുള്ള സാധ്യമായ എല്ലാ ഒഴിവുകളും പി.എസ്സ്.സി.ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട ഒഴിവുകൾ പി. എസ്. സി. യ്ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാറുണ്ടോ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | ഉണ്ട്. ഒരു കലണ്ടർ വർഷം ഉണ്ടാകുന്ന ഒഴിവുകളിൽ നേരിട്ടുള്ള നിയമനത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള നിയമാനുസൃത വിഹിതം KPSC-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പിലെ നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പ്രൈമറി തലത്തിലെ എച്ച്. എം. പ്രമോഷൻ തസ്തികയായ പഞ്ചായത്ത് എജ്യുക്കേഷൻ ഓഫീസർ എന്ന തസ്തിക അടിയന്തരമായി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിൻ്റെ പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുമ്പോൾ മാത്രമേ പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ എന്ന തസ്തിക നടപ്പിൽ |

| | | | |
|---|---|---|---|
| | | | വരുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ